**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3742** **27-06-2024 - ൽ മറുപടിയ്ക്ക്**

**പറശ്ശിനിക്കടവിലെ ബോട്ട് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ നിന്നും ജലഗതാഗത വകുപ്പ് എത്ര ബോട്ട് സർവീസുകൾ നടത്തുന്നുണ്ടെന്നും ഒരു ദിവസത്തെ ശരാശരി യാത്രക്കാർ എത്രയെന്നും അറിയിക്കാമോ; നിലവിൽ പറശ്ശിനിക്കടവിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ നിന്നും ജലഗതാഗത വകുപ്പ് ഒരു പാസഞ്ചർബോട്ട് സർവീസും ഒരു പാസഞ്ചർ കം ടൂറിസം ഫ്രണ്ട്ലി സർവീസും ഒരു വാട്ടർ ടാക്സി സർവീസും നടത്തുന്നു. കൂടാതെ ഒരു വാട്ടർ ടാക്സി സ്പെയർ ആയും നൽകിയിട്ടുണ്ട്. ഈ മേഖലയിൽ ഒരു ദിവസം ശരാശരി 900 ആളുകൾ യാത്ര ചെയ്യുന്നുണ്ട്. 26-ാം നമ്പർ ബോട്ട് ഉപയോഗിച്ച് പറശ്ശിനിക്കടവ് - മാട്ടൂൽ പാസഞ്ചർ കം ടൂറിസം ഫ്രണ്ട്ലി സർവീസും, എസ് 48 നമ്പർ ബോട്ട് ഉപയോഗിച്ച് അഴീക്കൽ - മാട്ടൂൽ ഫെറി സർവീസും, വാട്ടർ ടാക്സി 2 /വാട്ടർ ടാക്സി 3 ഉപയോഗിച്ച് പറശ്ശിനി ടൂറിസം സർവീസും നടത്തി വരുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പറശ്ശിനിക്കടവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ജലഗതാഗത വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്; | (ബി) | നടപ്പ സാമ്പത്തിക വർഷം പറശ്ശിനിക്കടവിൽ വേഗ 120 എന്ന (40 എ.സി സീറ്റുകളും 80 നോൺ എ.സി സീറ്റുകളും ഉള്ള ) ക്രൂയിസ് ബോട്ട് പണികൾ പൂർത്തിയാക്കി ടൂറിസം സർവ്വീസ് ആരംഭിക്കുന്നതിനും, പാസഞ്ചർ സർവീസിൽ നിലവിലുള്ള സ്റ്റീൽ ബോട്ടുകൾക്ക് പകരം 75 പാസഞ്ചർ കപ്പാസിറ്റി ഉള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (സി) | പറശ്ശിനിക്കടവിൽ തൊണ്ണൂറ് പാസഞ്ചർ കപ്പാസിറ്റിയിലുള്ള സോളാർ ഇലക്ട്രിക് ബോട്ടുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | പറശ്ശിനിക്കടവ് സ്റ്റേഷനിലേക്ക് 90 പാസഞ്ചർ കപ്പാസിറ്റി ഉള്ള സോളാർ ഇലക്ട്രിക് ബോട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ